# മുതുപാറക്കുള്ളിലെ പുതുവെള്ളം

കെ.പി. മോഹനൻ

ദൂരദർശനിൽ രാമാനന്ദസാഗറിന്റെ ഉത്തരരാമായണം പൊടിപൊടിച്ച് നടക്കുകയാണ്. ലവകുശന്മാർ രാമന്റെ മേധാശ്വത്തെ ബന്ധിച്ചുകഴിഞ്ഞു. അശ്വത്തെ വീണ്ടെടുക്കാൻ വന്ന രാമപാർഷദന്മാരെ ചടുലമായ സംഭാഷണങ്ങൾ കൊണ്ടും മൂർച്ചയേറിയ അമ്പുകൾ കൊണ്ടും അവർ തോല്പിച്ചു കൊണ്ടേയിരിക്കുകയാണ്. അവസാനം ഹനുമാൻ എത്തുന്നു. ആർദ്രതയേക്കാളേറെ പരിഹാസ്യത ജനിപ്പിക്കുമാറ് ഭാവ ചേഷ്ടകളോടുകൂടി ബന്ധിതനായി നില്ക്കുന്ന ഹനുമാനെ കാണുമ്പോൾ കുട്ടികൾ മാത്രമല്ല വലിയവർപോലും ചിരിക്കുന്നു. അയൽക്കാരുടെ നിർബന്ധത്താൽ ഇതെല്ലാം കാണാൻ വിധിക്കപ്പെട്ടു കൊണ്ടിരിക്കുമ്പോഴാണ് ഇടശ്ശേരിയുടെ 'ലവണാസുരവധത്തിലെ ഹനുമാൻ' അറിയാതെ മനസ്സിലേക്കെത്തുന്നത്. അഭിജാതവും പക്വവുമായ ഇടശ്ശേരിയുടെ കവി മനസ്സിന് ഹനുമാനെ ഉൾക്കൊള്ളാൻ ഏതു രീതിയിലാണ് കഴിഞ്ഞത് എന്ന ചിന്ത വായനക്കാരുമായി പങ്കുവക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനം.

1936 ജൂണിലാണ് ഇടശ്ശേരി ഈ കവിത എഴുതുന്നത്. ഇടശ്ശേരിയുടെ കാവ്യജീവിതത്തിലെന്നല്ല മലയാള കവിതയിലെതന്നെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവായിരുന്നു ഇടശ്ശേരിയുടെ 'ലവണ്യസുരവധത്തിലെ ഹനുമാൻ' എന്ന ഈ കവിത. 'പാലിപ്പിൻ മാതാവിനെ' 'വന്ദിപ്പിൻ അമ്മയെ' തുടങ്ങി പ്രകടമായും വള്ളത്തോൾ കവിതകളുടെ സ്വാധീനങ്ങൾകൊണ്ടു രചിയ്ക്കപ്പെട്ട ചില കവിതകളും വീരവും ശൃംഗാരവും മുഖ്യഭാവങ്ങളായി രചിയ്ക്കപ്പെട്ട വേറെ ഏതാനും കവിതകളും, (ഓമനയുടെ അച്ഛൻ, രണാങ്കണത്തിൽ, പുറപ്പെടുക, ചന്തുവും ഒതേനനും എന്നിവ വിരഭാവ ചിത്രീകരണത്തിനും വൃന്ദാവനത്തിലെ രാധ, കാമുകൻ തുടങ്ങിയ കവിതകൾ ശൃംഗാരഭാവത്തിനും യഥാക്രമം ഉദാഹരണങ്ങൾ) മദ്യവർജനത്തിന്നും കോൺഗ്രസ്സിന്നും വേണ്ടി രചിക്കപ്പെട്ട മറ്റു ചില കവിതകളും (മേഘോപലംഭം, മദ്യമാരണം, പ്രതിജ്ഞ തുടങ്ങിയ കവിതകൾ ഉദാഹരണം) ആണ് 1936 ന് മുമ്പ് ഏഴെട്ടു കൊല്ലത്തോളം ഇടശ്ശേരി നടത്തിയ കവിതാശ്രമങ്ങളിൽ മുഖ്യമായവ. ഇടശ്ശേരിയുടെ രചനാ വൈഭവത്തിന്റെ ദിങ്മാത്രസൂചനകൾ ഇവയിൽ ചില കവിതകളിലെങ്കിലും കാണാമെങ്കിലും സാകല്യേന ഒരു ഇടശ്ശേരിക്കവിതയുടെ അന്തസ്സ് ആദ്യമായി തെളിഞ്ഞുകാണുന്നത് 'ലവണാസുരവധത്തിലെ ഹനുമാനി'ലാണ്. ഇവിടെ തെളിയുന്ന കാവ്യഗൗരവത്തെയാണ് ഇടശ്ശേരി കാലികപരിപ്രേക്ഷ്യത്തിനൊത്ത് വളർത്തി, നിരവധി നൂതനകാവ്യ പാരമ്പര്യങ്ങൾക്കും കവികൾക്കും സമാന്തരമായി നിലനിർത്തി 'കുങ്കുമപ്രഭാതം' 'തായം കളിക്കാർ' 'പാൽക്കടൽ കടയുമ്പോൾ' തുടങ്ങിയ അവസാനകാലകവിതകൾ വരെ എത്തിക്കുന്നത്. ഈയൊരർത്ഥത്തിൽ ഇടശ്ശേരിയുടെ കാവ്യജീവിതത്തിലെ നിർണായകമായ ഒരു നാഴികക്കല്ലായി 'ലവണാസുരവധത്തിലെ ഹനുമാൻ' നില്ക്കെ മറ്റൊരർത്ഥത്തിൽ മലയാളകവിതയുടെ ചരിത്രത്തിലും അത് പ്രധാനപ്പെട്ട ഒരു വഴിത്തിരിവിനെ കുറിക്കുന്നു. പഴയ നിയോക്ലാസിക് കാവ്യപാരമ്പര്യങ്ങളിൽ നിന്നുവിട്ട് പുതിയ കവിതാരൂപങ്ങൾ ക്രമേണ ഇവിടെ പ്രത്യക്ഷപ്പെട്ടു, വരികയായിരുന്നു. സുഘടിതവും സാന്ദ്രവുമായ രീതിയിൽ ചില മാനസികഭാവങ്ങളെ കവിതയിൽ സന്നിവേശിപ്പിക്കുന്ന ഭാവഗാനങ്ങളുടെ ശാഖ ഇവിടെ വളരാൻ ആരംഭിച്ചു കഴിഞ്ഞിരുന്നു. ഈ ഭാവഗാനശാഖയിലെ ഏറ്റവും ശ്രദ്ധേയമായ ഒരു ഉൾപ്പിരിവ് എന്നു വിശേഷിപ്പിക്കാവുന്ന 'നാടകീയ സ്വഗതാഖ്യാന'ത്തിന്റെ രൂപത്തിലാണ് 'ലവണാസുരവധത്തിലെ ഹനുമാൻ' എന്ന കവിതയുടെ രൂപ ശില്പം ഉരുത്തിരിയുന്നത്. തന്റെ ജീവിതത്തിലെ നാടകീയവും തികച്ചും വിധിനിർണായകവുമായ ഒരു നിമിഷത്തിൽ ഒരു കഥാപാത്രത്തെ പിടിച്ചെടുത്ത് അയാളുടെ മനസ്സിന്റെ കരണപ്രതികരണങ്ങളെ അയാളുടെതന്നെ വാക്കുകളിലൂടെ അവതരിപ്പിക്കുന്നതാണ് നാടകീയത സ്വാഗതാഖ്യാനത്തിന്റെ രചനാസങ്കേതം. 'നാടകാന്തം കവിത്വം' എന്നൊക്കെ നമ്മൾ പറയുന്ന, സർഗരചനാ വൈദഗ്ധ്യത്തിന്റെ പരമാവസ്ഥയിൽ എത്തിനില്ക്കുന്ന ഒരാൾക്കേ കാവ്യരചനയുടെയും നാടകരചനയുടെയും സർഗതലങ്ങളെ സമന്വയിപ്പിക്കാൻ കഴിയൂ. സാമാന്യം നല്ല ഏതാനും നാടകങ്ങൾ കൂടി രചിച്ചിട്ടുള്ള ഇടശ്ശേരി അസൂയാർഹമായ വിജയമാണ് ഈ നാടകീയ സ്വഗതാഖ്യാനത്തിന്റെ രചനയിൽ കൈവരിച്ചത്. മലയാളത്തിലെ ലബ്ധപ്രതിഷ്ഠങ്ങളായി നാടകീയ സ്വഗതാഖ്യാനങ്ങളിൽ പലതും രചിക്കപ്പെടുന്നതിനു മുമ്പെ ആ സങ്കേതം വിജകരമാംവിധം കൈകാര്യം ചെയ്തു ഇടശ്ശേരി എന്നതാണ് 'ലവണാസുരവധത്തിലെ ഹനുമാൻ' എന്ന കവിതയുടെ പ്രത്യേകത. ചിന്താഭരിതവും കർമനിരതവുമായ ഒരു മർത്ത്യാത്മാവിന്റെ അനാവരണമാണ് നാടകീയ സ്വഗതാഖ്യാനം. കഥാപാത്രത്തിന്റെ കരണപ്രതികരണങ്ങളുടെ വ്യക്തമായ സൂചനകൾ കൊണ്ടാണ് അനുവാചകൻ കവിതയിലെ ക്രിയാംശം ഉൾക്കൊള്ളുന്നത്. തന്റെ ഉള്ളിൽ അലതല്ലുന്ന ചിന്തകളെയും സ്തോഭങ്ങളെയും വക്താവ് സ്വയം പ്രകാശിപ്പിയ്ക്കുന്നു. മറ്റുള്ളവരുടെ ക്രിയാംശങ്ങളും വക്താവിന്റെ പ്രതികരണങ്ങളിലൂടെത്തന്നെയാണ് പ്രകാശിപ്പിക്കപ്പെടുന്നത്. വളരെ പ്രയാസമേറിയ ഈ കാവ്യസങ്കേതത്തെ അതിവിദഗ്ധമാ.യി കൈകാര്യം ചെയ്ത ഒരു കവിതയെന്ന നിലക്കാണ് 'ലവണാസുരവധത്തിലെ ഹനുമാൻ' നമ്മുടെ കവിതാചരിത്രത്തിലെ ഒരു നാഴികക്കല്ലായിത്തീരുന്നത്.

## 2

ഏതു ഗൗരവമേറിയ പ്രമേയത്തെയും ഇടശ്ശേരി സമീപിക്കുന്നത് തികഞ്ഞ ലാഘവത്തോടെയാണ്. മറ്റാരെക്കാളും 'പൊതുധാരണ' (ഇീാാീ ടലിലെ) കൈമുതലായുള്ള ഒരു നാടൻ കൃഷിക്കാരന്റെ സമീപനമാണ് അത്യന്തം ഗഹനമായ ആധുനിക യുഗത്തിന്റെ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ പോലും ഇടശ്ശേരി കൈക്കൊള്ളുന്നത്. പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ കൊടുമ്പിരികൊണ്ട ചർച്ചാവിഷയമായിത്തീരുന്നതിന്നെത്രയോ മുമ്പ് (1954 ഫിബ്രവരിയിൽ) ഇടശ്ശേരി 'കുറ്റിപ്പുറം പാലം' എന്ന തന്റെ പ്രസിദ്ധമായ കവിത എഴുതിക്കഴിഞ്ഞിരുന്നു എന്നതും അസന്തുലിതമായ ഒരു സമ്പദ്ഘടനയിൽ യന്ത്രവത്കരണം ഉണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങളെ 1954 ജൂണിൽത്തന്നെ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന കവിതയിൽ ഇടശ്ശേരി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു എന്നതും സൂചിപ്പിക്കുന്നത് ഇതാണ്. മുതലാളിത്തത്തിന്റെ തുടുത്തുസുന്ദരമായ മുഖത്തെക്കാൾ, വിരൂപമെന്നു മറ്റുള്ളവർ പറഞ്ഞേക്കാമെങ്കിലും തൊഴിലാളി വർഗസർവാധിപത്യത്തിന്റെ പരുക്കൻ മുഖത്തിലാണ് പാറു ഒരല്പം ആർദ്രത കണ്ടെത്തുന്നത് എന്നിടത്താണ് 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന കവിതയുടെ വിജയം. 'എന്നിങ്ങനെയും വ്യാഖ്യാനിക്കാവുന്ന ഇരട്ടപ്പരിപ്പുള്ള കവിത'കളോട് പണ്ടേതന്നെ ഇടശ്ശേരിക്ക് യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ല എന്ന് ഉറൂബ് സൂചിപ്പിക്കുന്നുണ്ട്. (താൻ കോൺഗ്രസും ചോപ്പനുമല്ല എന്ന ഇടശ്ശേരിയുടെ തന്നെ സത്യവാങ്മൂലത്തിൽ സമാധാനം കണ്ടെത്തുന്നവരെ അദ്ദേഹത്തിന്റെ കവിതകൾ എന്നും

അലട്ടിക്കോണ്ടേയിരിക്കും എന്നുകൂടി സാന്ദർഭികമായി സൂചിപ്പിച്ചു കൊള്ളട്ടെ) ഉദാത്ത മാനങ്ങളുള്ള ഒരു കഥാപാത്രത്തിന്റെ അത്യന്തം സങ്കീർണമായ മാനസികധാരകളെ അപഗ്രഥിക്കുന്ന ഈ കവിതയിലും 'ഞാനൊരു ചെറിയകാര്യം പറയുന്നു' എന്ന വിനയത്തോടെയും ഒരു നേർത്ത പുഞ്ചിരിയോടെയും ഇടശ്ശേരി മാറിനില്ക്കുകയാണ്, അദ്ദേഹം എഴുതുന്നു:

'വേനൽക്കാലരായി, ഭാരതപ്പുഴയുടെ തീരത്തുള്ള പരന്ന പാടം. കൂട്ടത്തിൽ സന്തതസഹചാരികളും സഹൃദയരുമായ രണ്ടുമൂന്ന് ചെറുപ്പക്കാർ – ഞങ്ങൾ എല്ലാം മറന്നിരുന്ന് കളി കണ്ടു. ലവണാസുരവധം – കവളപ്പാറ നാരായണൻ നായരുടെ ഹനുമാനിൽ ചാത്തുണ്ണിപ്പണിക്കരും സഹോദരനുമായിരുന്നു ലവകുശന്മാർ. പ്രധാനകഥാപാത്രത്തിന്റെ പ്രത്യേകത, മൃഗമർത്ത്യദേവസങ്കലനാത്മകത, നടന്റെ അനുഗൃഹീതമായ കലാവിദ്യയിലൂടെ വർണശബളതയോടെ പ്രത്യക്ഷപ്പെട്ടു. വാത്സല്യം കിടന്നലതല്ലി. രാവിന്റെ കനം തൂങ്ങിയ കൺപോളകളും പ്രഭാതം ചാലിച്ച കണ്ണുകളുമായി എഴുന്നേറ്റ് പോരുമ്പോൾ മനസ്സിൽ മായാതെ നിന്ന താളമാണ് ഈ കവിതയ്ക്ക് പ്രചോദനം തന്നത്' – ഇതു കേവലമായ ഒരു ആമുഖ പ്രസ്താവന മാത്രമല്ല. കവിതയിലേക്ക് കടക്കാനുള്ള ഒരു താക്കോൽ കൂടിയാണ്.

'മൃഗമർത്ത്യദേവസങ്കലനാത്മകത'

എന്ന വാക്കിൽ, സാമാന്യം നീണ്ട ഈ കവിതയിൽ ഹനുമാന്റെ മാനസിക തലങ്ങളിൽ അനുക്രമം സംഭവിക്കുന്ന ഉദാത്ത പരിണാമങ്ങളുടെ വ്യക്തമായ സൂചനയുണ്ട്.

'പോരുമ്പോൾ മനസ്സിൽ മായാതെ നിന്നതോളം' എന്നിടത്താകട്ടെ, കവിതയുടെ രചനാശില്പത്തെ ഒരു മാത്ര തിളക്കിക്കാണിക്കുന്നുമുണ്ട്. കൂട്ടത്തിൽപ്പറയട്ടെ, കവിതകൾക്ക് ആമുഖമായി ഇടശ്ശേരി എഴുതിച്ചേർത്ത പല പ്രസ്താവനകളും ഒഴുക്കൻ മട്ടിൽ വായിച്ചു കടന്നു പോകേണ്ടവയല്ല. കവിതയുടെ ശില്പത്തെ ശൈലീപരമായും വസ്തുനിഷ്ഠമായും പഠിക്കാൻ നമ്മെ വളരെയേറെ സഹായിക്കുന്ന ഉപകരണങ്ങളാണ് അവ. ഉദാഹരണത്തിന് 1948 ജനവരിയിൽ പ്രസിദ്ധീകരിച്ച 'പണിമുടക്ക്' എന്ന കവിതയുടെ ആമുഖക്കുറിപ്പ് ശ്രദ്ധിക്കുക: 'എന്റെ ചില സുഹൃത്തുക്കൾ ഒരു കാലത്ത് പണമുടക്കത്തിന് പ്രസിദ്ധമായ തൃശൂരിൽ സ്ഥിരതാമസക്കാരായിരുന്നു

അവരിലൂടെയാണ് വിശാലലോകത്തിന്റെ കാറ്റ് എന്നിലേക്ക് അടിച്ചിരുന്നത്. ഒരു കോളറക്കാലത്ത്, 1914ന് മുൻപാകണം, കുറച്ചു ദിവസങ്ങൾക്കുള്ളിൽ തുടർച്ചയായി മരിച്ചുകൊണ്ടിരുന്ന സ്വന്തം ഭാര്യയെയും രണ്ടോ മൂന്നോ കുട്ടികളെയും, അപ്പപ്പോൾ ചെന്ന് മറചെയ്ത്, ഭാരതപ്പുഴയിൽ കുളിയും കഴിഞ്ഞ് – വീട്ടിലെത്താറുള്ള ഒരമ്മാമൻ, കുട്ടികളുണ്ടാകാൻ പല വഴിപാടുകളും ചെയ്ത് നിരാശതയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന മറ്റൊരു സുഹൃത്ത്, വൃദ്ധനായി അവശനായി അവശതയിൽ പെടുന്തോറും അപാരമായ കുടുംബസ്നേഹം ശുണ്ഠിയുടെ രൂപത്തിൽ പ്രകടമാക്കാറുള്ള സ്വന്തം പിതാവ്, ഇവരെല്ലാം ഈ കാവ്യഖണ്ഡമാകുന്ന നാടകത്തിലെ കർട്ടൻ വലിക്കാരും പ്രോംപ്റ്റർമാരും നടൻമാരുമാണ്' – ഈ പ്രസ്താവന തീർച്ചയായും 'പണിമുടക്ക്' എന്ന കവിതയുടെ ഘടന പഠിക്കാൻ നമ്മെ അത്യന്തം സഹായിക്കുന്ന ഒന്നത്രെ. ഇതും ഇതേ കാലഘട്ടത്തിൽത്തന്നെ രചിക്കപ്പെട്ട 'പുത്തൻ കലവും അരിവാളും' (1948 ഒക്ടോബർ) അന്നേയ്ക്ക് കേരളത്തിൽ സാമാന്യം ശക്തമായിക്കഴിഞ്ഞിരുന്ന സംഘടിത തൊഴിലാളി സമരങ്ങളുടെയും കാർഷിക സമരങ്ങളുടെയും കഥയാണ് പറയുന്നത്. 1940 ഏപ്രിൽ മാസത്തിൽ പാപ്പിനിശ്ശേരി ആറോൺ മില്ലിലെ തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിന്റേയോ തുടർന്നുണ്ടായ നിരവധി സംഘടിത സമരങ്ങളുടെയോ പ്രത്യക്ഷ സൂചനകളൊന്നും ഇടശ്ശേരി നല്കുന്നില്ലെങ്കിലും 'വിശാലലോകത്തിന്റെ കാറ്റ്' എങ്ങനെ തന്നിലേക്ക് എത്തിച്ചേരുന്നു എന്ന് വിനീതമായി അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഒരു സാമൂഹ്യാനുഭവത്തെ, അതിന് മുൻതൂക്കം നല്കിക്കൊണ്ട് ഒരു വ്യക്ത്യനുഭവവുമായി സംയോജിപ്പിക്കുന്നിടത്ത് ഇടശ്ശേരി പ്രകടിപ്പിക്കുന്ന ഘടനാവൈഭവം വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണെന്ന് സാന്ദർഭികമായി സൂചിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

## 3

പ്രശാന്തമായ ആശ്രമപരിസരത്തിൽ അഹങ്കാരത്തോടെ മേധാശ്വത്തെ അന്വേഷിച്ചെത്തുന്ന ഹനുമാന്റെ ചിത്രമാണ് തുടക്കത്തിൽത്തന്നെ നാം കാണുന്നത്. ഏതോ വലിയ ഒരേറ്റുമുട്ടലിന് തയ്യാറെടുത്തുവന്ന ഹനുമാന് സ്വച്ഛശാന്തമായ ആശ്രമാന്തരീക്ഷം അദ്ഭുതമാണ് മനസ്സിൽ ജനിപ്പിക്കുന്നത്. ഹോമകുണ്ഡത്തിൽ നിന്നുയരുന്ന ശാന്തിസൗരഭ്യം മാൻകിടാങ്ങളും, സിംഹങ്ങളും, ആനകളും ഒന്നിച്ചുനിന്നു മേയുന്ന വനസ്ഥലികൾ, അവിടെ പോരാളിയില്ല, വേടനില്ല, രാക്ഷസന്മാരുമില്ല.

'മാരുതിയുടെ വിരതയ്ക്കിങ്ങു
മാർഗമില്ല വിളയാടാൻ
ആരിവിടെ ഹരിച്ചു ചിത്രമെൻ
സ്വാമിതൻ യജ്ഞ വാജിയെ
രാവണാന്തകഭൂവലാന്തക
രാമദേവ പ്രതാപത്തെ.'

എന്ന അഹങ്കാരജന്യമായ നിരാശതയും, ഈ ശാന്താമായ ആശ്രമഭൂവിൽ മേധാശ്വത്തെ അപഹരിക്കാൻ ആരെന്ന അത്ഭുതവുമാണ് ഹനുമാനെ ഭരിക്കുന്ന മുഖ്യവികാരങ്ങൾ. അങ്ങനെ മുന്നോട്ടു പോകുമ്പോൾ അതാ മരച്ചോട്ടിൽ കുറെ കുട്ടികൾ. അവർക്കു നടുവിൽ കോദണ്ഡം പൂണ്ട രണ്ടുപേർ ഏതോ ആന്തരിക പ്രേരണയാൽ ഹനുമാനെ പ്രത്യേകം ആകർഷിക്കുന്നു.

'നീരലർമാതിൻ നീർമിഴികളോ
നിരദത്തിൻ കിടാങ്ങളോ
നീലാരവിന്ദ കോരകങ്ങളോ
ലീലാലോരിബ്ബാലകർ
പച്ചക്കാട്ടിൻ പളുങ്കൊളിച്ചരു–
വർച്ചസ്സിന്നില്ലിസ്സൗന്ദര്യം
ഇക്കിശോരന്മാരെന്നെ തദ്രൂപ
സല്ക്കാരം കൊണ്ടു വഞ്ചിപ്പൂ'

എന്ന തിരിച്ചറിവിന്റെയോ, ഏതോ അതീന്ദ്രിയ പ്രേരണയുടെയോ ആദ്യസ്ഫുരണം ഹനുമാന്റെ മനസ്സിൽ വീണുകഴിഞ്ഞു – ശ്രീരാമനുവേണ്ടി മാത്രം നീക്കിവച്ച തന്റെ മനസ്സിന്റെ കോണുകളിൽ ഇവർ കയറിപ്പറ്റി

സ്നേഹധാരരൂപത്തെ ആദേശം ചെയ്യുകയാണോ? ഏതായാലും മേധാശ്വത്തെ കണ്ടുവോ എന്ന് ഇവരോടു ചോദിച്ചു കളയാം. തന്റെ ഭീമാകാരം അവരെ പേടിപ്പിച്ചേയ്ക്കുമോ? പക്ഷേ അത്ഭുതമെന്നു പറയട്ടെ കൂടെയുള്ളവരെല്ലാം ഓടിപ്പോയിട്ടും കുരുന്നു കിടാങ്ങൾ രണ്ടുപേർക്കും ഒരു കൂസലുമില്ലല്ലോ! മാത്രമല്ല 'നീയാരെന്നാ'ണ് അവർ ചോദിക്കുന്നത്. 'രാമണാന്തക ഭൂവലാന്തക രാമദേവ പ്രതാപത്തി'നും, 'മാരുതിയുടെ വീരത'യ്ക്കും ഏല്ക്കുന്ന ആദ്യത്തെ അന്തസ്സു കാണിക്കാൻ പോയാൽ, എന്നൊരു ആശങ്കയാണോ എന്തോ തല്ക്കാലം ഒരു പാവത്തെപ്പോലെ ഭാവിക്കുകതന്നെ – ഹനുമാൻ തീരുമാനിയ്ക്കുന്നു.

'ബാലരേ നിങ്ങൾ കാണ്കയുണ്ടായോ
ചേലഞ്ചുന്നൊരു വാജിയെ
രാമൻ, ക്ഷത്രിയവാരിയ്ക്കേക
–സോമ, നാഗരനാശനൻ
സീമാതീതഗുണാഭിമത,നാ
–ക്കേമനെക്കേട്ടിട്ടില്ലയോ
ആ ജഗദേവകവീരൻതൻ യജ്ഞ
വാജിയാണതു നിങ്ങളെ
പേടിപ്പിച്ചിട്ടുണ്ടോയിരിക്കായി–
ക്കാടിതിൽകൂടി പോകുമ്പോൾ'

– എന്ന് അകലെക്കൂടി പോകുമ്പോൾതന്നെ, പേടി തോന്നിപ്പിക്കുന്ന യാഗാശ്വത്തെ തങ്ങൾ ബന്ധിച്ചെന്നാണോ കുഞ്ഞുങ്ങൾ പറയുന്നത്. കുട്ടികൾ ആയിരം തലപ്പാമ്പിനെയാണല്ലോ അരഞ്ഞാണമാക്കുന്നത്! മാൻകുഞ്ഞുങ്ങൾക്ക് ചെമ്പുലിപ്പല്ല് എണ്ണാനാണല്ലോ ആഗ്രഹം. മാത്രമല്ല ഇത്രയൊക്കെ വലുതാക്കിപ്പറഞ്ഞ രാമചന്ദ്രനെ അവന് തെല്ലുപോലും പേടിയില്ലത്രെ – ഇനിയും പാവമായി അഭിനയിക്കുന്നതിലർത്ഥമില്ല. ദയ കാണിക്കാൻ ഇനി കഴിയില്ല.

'ദാനവഹൃത്താം മത്തേഭത്തിന്റെ
ദാനവാരിയിലാറാടി
ഞാൻ കളിച്ച ഭയങ്കരവേഷം
ശങ്കവിട്ടൊന്നെടുക്കട്ടെ'

ഏതു ഭയങ്കര വേഷമെടുത്താലും വാത്സല്യത്തിന്റെ ഒരു ചെറിയ തുള വീണു തകരാൻ തുടങ്ങിയിരിക്കുന്ന തന്റെ ഹൃദയത്തെ ഹനുമാൻ ശങ്കിക്കാൻ തുടങ്ങിക്കഴിഞ്ഞു.

'നെഞ്ചകമൊട്ടൊന്നഞ്ചിയാലിവർ
കെഞ്ചിയെങ്കിലോ കാരുണ്യം'

പക്ഷേ ഭീഷണമായ തന്റെ നില്പുപോലും പരിഹാസമാണല്ലോ കുട്ടികളിൽ ജനിപ്പിക്കുന്നത്! കുട്ടികൾ രാമനെക്കുറിച്ച് പറയുന്നത് കേൾക്കുന്നതായി ഹനുമാൻ ഭാവിക്കുന്നു.

'രാമനെ,സ്സദാരാമനെ,പ്പുണ്യ
സോമനെക്കേട്ടിട്ടുണ്ടവർ
ഭർഗചാപപ്രഭേദിയെന്നല്ല
ഭാർഗവജേതാവെന്നല്ല
മാർഗണലീലാമാത്രത്താൽ രക്ഷോവ
ർഗം വെന്നവനെന്നല്ല,
രാവണാന്തകനെന്നല്ല, സാധു
സേവനവ്രതനെന്നല്ല
പെൺകൊല ചെയ്ത പാപിയെന്നത്രേ
പൊന്മാൻ തേടിയ പൊണ്ണനും
വാനരത്തെയൊളി വേട്ടയാടും
കാനനചാരിയെന്നുമാം'

ശാന്തം! പാപം! ഭ്രാന്തൻമാർക്കെന്താണ് പറഞ്ഞുകൂടാത്തത്? മഹാന്മാരെ തൂക്കി വിധി നിർണയിക്കാനുള്ള തുലാസ് അങ്ങാടിപ്പിള്ളരല്ലല്ലോ. എന്തു വേണമെങ്കിൽ കുട്ടികൾ പറയട്ടെ. എന്നൊരു അലംഭാവമാണ് പിന്നീട്. എന്നാലും കണക്കുതീർത്തു മറുപടി കൊടുക്കേണ്ടിടത്ത് മനസ്സും ശരീരവും പരാജയപ്പെടുകയാണോ? വാത്സല്യത്തിന്റെ കിനിവ് മനസ്സിനകത്ത് കൂടുതൽ വ്യാപരിച്ചു പടരുകയാണോ? അതാ അവർ ബാണം കൊണ്ട് തന്നെ ശിക്ഷിക്കാനാണല്ലോ പുറപ്പാട്.

'തൂകട്ടെ ബാണമെൻ നെഞ്ചിലിവർ
തൂണെന്നപോലെ നില്ക്കും ഞാൻ
കൊച്ചലത്തല്ലു കൊള്ളുകതന്നെ–
യുപ്പുപാറയ്ക്കൊരാനന്ദം
ക്ഷീണിതരായാൽതാനേ കാർമുക
–പാണികൾ കീഴടങ്ങിടും'

മതി, അത്രമതി. വാത്സല്യം അവരുടെ നേരെ ഞാൺ തൊടുക്കാൻ സമ്മതിക്കുന്നില്ല. ഭാനുമാന്റെ രശ്മികൾ പോലെ പാഞ്ഞെത്തുന്ന ബാണങ്ങൾ തന്റെ രോമകൂപങ്ങളിൽ പോലും തൂർന്നു നിറയുന്നു, പമ്പരം പോലെ നിന്നുതിരിഞ്ഞാലും നില്ക്കക്കളിയില്ലെന്നാവുന്ന ഇവരാരാണ് ധനുർവേദത്തിന്റെ സന്തതികളോ? രാമലക്ഷ്മണൻമാർ വീണ്ടും ബാലന്മാരായി വന്നിരിക്കയോ? മാരുതിയുടെ വീരതയ്ക്ക് വിളയാടാൻ ഇടമില്ലെന്ന് നിരാശപ്പെട്ടിടത്ത് അപമാനകരമാം വിധം പരാജയം വന്നുപെടാൻ പോകുന്നോ? അമ്പുകൾ കൊണ്ട് അരയ്ക്ക് കുടുക്കിട്ടു കഴിഞ്ഞു – അസ്ത്രപാശത്താൽ കൈകൾ ബന്ധിതങ്ങളായി. ജൃംഭകാസ്ത്ര പ്രയോഗത്താൽ കുമാരന്മാർ തന്നെ സ്തംഭിപ്പിച്ചു കളഞ്ഞല്ലോ.

'വീണ്ടും വീണ്ടുമയച്ചിട്ടും കണ–
കൊണ്ടു കെട്ടി വരിഞ്ഞിതാ
കൂറ്റനായൊരു നെൽക്കറ്റയുടെ
കൂട്ടുകാരനായ്ത്തീർന്നാൽ

നേരെ നില്ക്കുവാൻ വയ്യൊരുപദ–
മേറെ വെപ്പാനും വയ്യെന്നായ്'

അപ്പോഴും അഹംബോധം അവസാനിക്കുന്നില്ല. അവരുടെ ബന്ധനത്തിൽ താൻ തനിയെ വഴങ്ങിയതല്ലേ?

'വിസ്മൃതം രാമകൈങ്കര്യം, അയ്യോ
വാത്സല്യമെന്നെ വഞ്ചിച്ചു'

എന്ന് ഹനുമാൻ സ്വയം അറിയുന്നു. അവർ അവരുടെ അമ്മയുടെ അടുത്തേയ്ക്കു തന്നെ കൂട്ടിക്കൊണ്ടു പോവുകയാണ്. വിചാരണ ചെയ്യാനായിരിക്കാം – ഇതെന്തൊരു നാടാണ്!

'അതു നന്നിക്കാട്ടിൽ ബ്ഭടർ ബാലർ, ന്യായ
പതിമാരോ വെറുമബലകൾ'

ഹനുമാൻ മുമ്പൊരിക്കലും ഇത്ര അധീരനും, നിരുദ്ധനും ആയിട്ടില്ലല്ലോ. 'കപികളിൽപ്പോലുളവാകാത്ത ചപലത' 'രാക്ഷസകുല നാശത്തിന്നിടിവാളാ'യ തന്നിൽ എങ്ങനെ വന്നുചേരുന്നു!

'അതു ചിന്തിയ്ക്കുമ്പോളധികമാശ്ചര്യം
മുതുപാറയ്ക്കുള്ളിൽ പുതുവെള്ളം'

വാത്സല്യത്തിന്റെ എത്ര തിരമാലകൾ വന്നടിച്ചാലും 'ഉപ്പുപാറപോലെ' പുറംതടവി പോവുകയേയുള്ളു എന്നു കരുതിയ മനസ്സിന്റെ മുതുപാറയ്ക്കകത്ത് ആർദ്രതയുടെ അതിശക്തമായ നീരൊഴുക്കുകളോ? 'നിശിചരകുലനിവഹം വെന്നൊരു കരബലം' തന്റേതല്ല രാമന്റെതാണെന്ന് എല്ലാവരും പറയുന്നു. അപ്പോൾ തനിയ്ക്കിപ്പോൾ ഏല്ക്കേണ്ടിവന്ന അപജയത്തിന്റെ ഉത്തരവാദിത്തവും രാമൻതന്നെ ഏല്ക്കുന്നോ?

'ഇവനുള്ളതല്ല നിശിചരകുല–
നിവഹം വെന്നൊരു കരബലം
അതുപാർത്താലെന്റെയപജയത്തിന്നു
മൊരു കർത്താവാരായ് വരുമപ്പോൾ
അപടുകിങ്കരനുളവാക്കീടുന്നൊ–
രപജയമേല്ക്കാൻ പ്രഭുവെങ്കിൽ
അപജയമെന്റെ വിജയവുമെന്റെ –
–തപരിനില്ലിതിലൊരുകയ്യും'

– അഹന്തയുടെ ചെറിയ ബഹിർസ്ഫുരണം ഹനുമാൻ തിരിച്ചറിയുന്നു. ഈരേഴു ലോകത്തിന്റെയും നിലനില്പിന്ന് മൂലമായ പ്രഭുവിനു പോലും വടിവിൽ നില്ക്കാൻ ഊന്നുവടിയായത് താനാണല്ലോ എന്ന അഭിമാനം.

'അഭിമാനക്കടലലതല്ലിത്തല്ല–
ത്തകരാറായതന്റെ ഹൃദയത്തി'

ന്റെ ദൗർബല്യം രഘുപതി പൊറുക്കട്ടെ. ഒരു പുരുഷന്റെ കാലടികളിലേ താൻ തല കുനിച്ചിട്ടുള്ളു. ഒരമ്മയുടെ തിരുമുമ്പിലേ തന്റെ കരയുഗളങ്ങൾ മുകുളിതമായിട്ടുള്ളു – ആ വ്രതം തുടരാൻ സീതാപതി തന്നെ സഹായിച്ചെങ്കിൽ! അകലെയൊരു പർണശാല കാണുന്നു. അതിന്റെ തിരുമുറ്റത്തിൽ 'പരവശയായ സുരുചിതതര സുഭഗാംഗി'ഏതു വിഫലമോഹത്തിലാണ് തന്റെ ചപലമായ ഹൃദയം ഉഴലുന്നത്? ഇതൊരു മുനിവരദയിതയാവാം അല്ലെങ്കിൽ ഈ ബാലരുടെ അമ്മ മാത്രമാകാം എന്നൊക്കെ, വിശ്വസിയ്ക്കാനാകാത്ത ഹൃദയത്തെ തിരുത്തുന്ന ഹനുമാന് അതു ദേവി തന്നെ എന്ന് തിരിച്ചറിയാറാകുന്നു.

'അറിയുന്നേൻ ദേവി, യവിടുന്നാണിതെ–
ന്തറിയാതായിവനിവനെത്താൻ......
പവനപുത്രന്റെ പരമഭാഗ്യത്താല–
–ലിവരവിടത്തെ സ്സുതരെങ്കിൽ
അപജയം തന്നെ വിജയസോപാനം
അപരമെന്തിങ്ങു വരമമ്മേ'

മേനി മുറിഞ്ഞ് 'പൂത്ത മുരിക്കുപോലെ' ബന്ധിതനായി നില്ക്കുന്ന ഹനുമാൻ ദേവിയുടെ കൺമുനക്കല്പനയാൽ ബാലന്മാരാൽ വിമോചിതനായിത്തീരുകയാണ്. എന്ത്! ദേവി മാപ്പപേക്ഷിച്ച് വീണ്ടും തന്നെ സങ്കടച്ചെഞ്ചിതയേറ്റുകയോ? ഈ കീഴ്പ്പെടലിൽ തനിയ്ക്കെന്തു ഖേദം? 'താൻ വച്ച തൈമാവുയർന്ന് തന്നെ താഴ്ത്തിയാൽ അതിൽ സന്തോഷിയ്ക്കുകയല്ലാതെ ദുഃഖിക്കുന്നതെന്തിന്?' ഇപ്പോൾ ഹനുമാന് സഹതാപം തോന്നുന്നത് രാമനോടാണ്. ഈ ക്ഷത്രിയകുലമണികളുടെ പ്രാകശമേറ്റ് തിളങ്ങേണ്ട കോസലരാജധാനി ഇരുളിലാണ്ടു നില്ക്കുകയാണല്ലോ.

'കൊല്ലട്ടെയമ്പതു രാവണരെ
വെല്ലട്ടെ ദിക്കൊരു വീക്ഷണത്താൽ
ചെയ്യട്ടെ നൂറുനൂറശ്വമേധം
ഇയ്യോമൽക്കൊച്ചുകുമാരൻമാരെ
മെയ്യോടു ചേർക്കാത്തൊരാളെയാർക്കും
വയ്യൊരു ഭാഗ്യവാനെന്നുരപ്പാൻ
ഇക്കുളിർ ചന്ദനച്ചാറുതട്ടി–
–ച്ചേർക്കുന്നു വെങ്കനൽ മേനിയിങ്കൽ
മർമ്മം പിളർന്നാലു മാത്മധർമ്മ
കർമപഥഭ്രംശം ഭീതൻനാഥൻ.'

ആദ്യം താൻ തന്നെ ഏതെല്ലാം രീതിയിൽ വിവരിച്ച രാമന്ന് എന്തെല്ലാം ഉണ്ടായിട്ടെന്താണ്? 'അമ്പിലവരെയെടുത്തുപുല്കാൻ' 'വെമ്പി പാണികൾ നീട്ടി നില്ക്കെ അതാ അവർ 'തെറ്റു പൊറുത്തരുളുക' എന്ന് തന്റെ കാലടികളിൽ വീഴുകയായി. ക്ഷത്രകുലോചിത ധീരതയെ അപരാധം എന്നാർ വിളിക്കും? അപരാധികൾ മാത്രമല്ലേ മാപ്പിരക്കേണ്ടതുള്ളു? ഒന്നു മാത്രമാണ് തന്റെ മോഹം. 'ഈ പൂങ്കവിളുകളിലെങ്കിലും വൈശസത്തിന്റെ കരി ആരും തേക്കാതിരിക്കട്ടെ' ഹനുമാന്റെ ഈ വിചാരത്തോടെയാണ് ഇടശ്ശേരിയുടെ കവിത അവസാനിക്കുന്നത്.

ഇടശ്ശേരിയുടെ നീണ്ട കവിതയെ സാമാന്യം 'വിശദമായിത്തന്നെ സംക്ഷേപി'ച്ചത് പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. 'എഴുത്തുകാരന് തെരഞ്ഞെടുക്കുവാനുള്ള നിലപാടുകളിൽ പ്രധാനമായ ഒന്ന് കൃതിയിലെ വക്താവ് ആരായിരിക്കണം എന്നതാണ്.' ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിയ്ക്കാൻ വെമ്പുന്ന കവി – ഒരു ജനതതിയുടെ സാമാന്യഭാഷയ്ക്കകത്ത് സ്വന്തമായ ഒരു കാവ്യഭാഷ സൃഷ്ടിക്കാൻ വെമ്പുന്ന കവി നിരവധി വികല്പങ്ങളിൽ നിന്ന് നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ ഏറ്റവും പ്രധാനമത്രെ ഇത്. രാമായണത്തിലെ ഒരു ലഘുസന്ദർഭത്തെ അത്യന്തം സാന്ദ്രവും നാടകീയവുമായി കാണുകയാണ് ഇടശ്ശേരി ചെയ്യുന്നത്. അത്യന്തം സാന്ദ്രവും നാടകീയവുമായ ഈ, സ്വാഗതാഖ്യാനത്തിൽ ഇടശ്ശേരി ഹനുമാനെയാണ് വക്താവായി സ്വീകരിക്കുന്നത്. ബുദ്ധനിലൂടെയല്ല ഇടയനിലൂടെ കഥ പറയുന്ന ഇടശ്ശേരിയുടെ ഒരു സാധാരണ സങ്കേതമാണിത്. ('ബിംബിസാരന്റെ ഇടയൻ' എന്ന ഇടശ്ശേരിക്കവിത) രാമായണത്തിൽ ഇടശ്ശേരിയെ ഏറ്റവും ആകർഷിച്ച സങ്കല്പം രാമന്റേതിനേക്കാൾ ഹനുമാന്റെതാണ് ('ലവണാസുരത്തിലെ ഹനുമാൻ', 'ഹനുമൽസേല തുഞ്ചൻ പറമ്പിൽ' തുടങ്ങിയ പ്രഖ്യാതങ്ങളായ കവിതകൾ ഓർക്കുക.) – തന്റെ കഥാപാത്രത്തെ 'ഉത്തമപുരുഷ' സ്ഥാനത്തു നിർത്തി ആഖ്യാനം നിർവഹിക്കുക എന്നത് സ്വഗതാഖ്യാനത്തിന്റെ രൂപഘടനയാണെങ്കിലും ഉത്തമപുരുഷസ്ഥാനത്ത് ആരെ നിർത്തണം എന്നിടത്ത് ഇടശ്ശേരി പ്രകടിപ്പിച്ച തെരഞ്ഞെടുപ്പിലെ ഔചിത്യമാണ് നാം ഇവിടെ ആദ്യം ശ്രദ്ധിക്കേണ്ടത്. ലവകുശന്മാരുടെയോ സീതയുടെ തന്നെയോ വായിൽ കവിയ്ക്കു പ്രിയങ്കരമായ നിരവധി വാക്കുകൾ തിരുകി വയ്ക്കാമായിരുന്ന ഒരു സന്ദർഭത്തിൽ എത്ര സമർത്ഥമായാണ് ഹനുമാനിലൂടെ ആഖ്യാനം നിർവഹിക്കുക വഴി ആ സന്ദർഭത്തിന്റെ ഉദാത്തഗാംഭീര്യം ഇടശ്ശേരി വർധിപ്പിക്കുന്നത് എന്നാണ് നാം ശ്രദ്ധിക്കേണ്ടത്. മറ്റൊന്ന് ഈ കവിതയിൽ ഇടശ്ശേരി ഉപയോഗിക്കുന്ന അർത്ഥബോധന തന്ത്രങ്ങളുടെ (Expressive devices) കാര്യമാണ്.

'ആരുവാങ്ങുമിങ്ങാരുവാങ്ങുമി–
–ന്നാരാമത്തിന്റെ രോമാഞ്ചം'

എന്നപോലെ ആദ്യന്തം സരളമായ ഒരു നാടൻ രീതിയാണ് കവിതയ്ക്ക് – പക്ഷേ കാവ്യരീതികളുടെ ഉദാത്താനുദാത്ത സങ്കേതങ്ങൾ കാവ്യസന്ദർഭങ്ങൾക്കനുസരിച്ച് മാറിമാറി പ്രയോഗിക്കപ്പെടുന്നു. അർത്ഥബോധന ക്ഷമതയുള്ള പദങ്ങളുടെ പ്രയോഗം, വാക്യത്തിൽ ഏറ്റവും യോജിച്ചത് സ്ഥാനത്ത് അവയുടെ വിന്യാസം വാക്യത്തിന്റെ ഗതിശീലതയും, സന്തുലിതത്വവും, താളം, സ്വരമേളനം, (Harmony) എന്നിങ്ങനെ ഒരു നല്ല കാവ്യശൈലിയുടെ ലക്ഷണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ട കാവ്യങ്ങളെല്ലാം തന്നെ തന്റെ ഈ ആദ്യകാലകവിതയിൽ ഇടശ്ശേരി സമർത്ഥമായി സ്വീകരിച്ചിരിക്കുന്നു എന്നതാണ് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം

'ശ്യാമളം വനം രാമചന്ദ്രന്റെ
കോമളതനു തന്നെയോ?'

എന്ന് 'പ്രകൃതിയിൽ പോലും നിറഞ്ഞുനില്ക്കുന്ന' രാമനെ മാത്രം കാണുന്ന ആദ്യഭാഗത്തുനിന്ന് അപൂർണനായ രാമനെക്കുറിച്ചുള്ള അവബോധം ഹനുമാന്റെ മനസ്സിൽ തെളിഞ്ഞു വരുമാറ് ഇവിടെ കാവ്യത്തിന്റെ ഘടന ക്രമാനുസൃതം അടുക്കി വയ്ക്കപ്പെട്ടിരിക്കുന്നു. 'മൃഗമർത്ത്യദേവസങ്കലനാത്മകത' എന്ന കവി പ്രയോഗത്തിലും സൂചന കൂടി ശ്രദ്ധിക്കുമ്പോഴാണ് ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നത്. മൃഗമായി രംഗത്തെത്തുന്ന ഹനുമാൻ മർത്ത്യഹൃദയാർദ്രതയിലൂടെ ദേവപദവിയിലേക്ക് ഉയരുകയാണിവിടെ. വാസ്തവത്തിൽ കവിതയുടെ തുടക്കത്തിൽ നമ്മുടെ മുമ്പിൽ അരങ്ങത്തെത്തുന്ന ഹനുമാൻ മൃഗതുല്യനാണോ?

ആണെന്നു പറയുകവയ്യ. 'ജഗൽ പ്രാണന്റെയും പ്രാണൻ' 'ലോകതേജസ്സിൽ നിന്നും അക്ഷരം പഠിച്ചവൻ' 'അഷ്ടൈശ്വര്യസിദ്ധികളുള്ളവൻ' 'എത്രയോ തീവ്രദുഃഖങ്ങളുടെ തീക്കടൽപ്പരപ്പുകൾ സമർത്ഥമായി താണ്ടിക്കടന്നവൻ' – തീർച്ചയായും ഹനുമാൻ മൃഗതുല്യനല്ല. പക്ഷേ ഒരു നേർത്ത അഹന്തയുടെ പ്രശ്നമാണിവിടെ – 'രാവണാന്തക ഭൂവലാന്തക രാമദേവ' പ്രതാപത്തിന്റെ പരഭാഗശോഭയാർന്ന തന്റെ വീര്യത്തെക്കുറിച്ചുള്ള അഹങ്കാരം – തന്റെ മനസ്സ് ആർദ്രതയ്ക്കു പ്രവേശനമില്ലാത്ത ഉപ്പുപാറയാണെന്ന അഹങ്കാരം – ഈ അഹങ്കാരമാണ് അപത്യവാത്സല്യത്താൽ വിരഗമായിത്തീരുന്നത് – ഉപ്പു പിടിച്ച തന്റെ മനസ്സിന്റെ മുതുപാറ പൊട്ടിയൊഴുകുന്ന നീരൊഴുക്ക് ഹനുമാനെത്തന്നെ അദ്ഭുതപ്പെടുത്തുന്ന രീതിയിലായിരുന്നു. ഭാഷയുടെ അർത്ഥബോധന തന്ത്രങ്ങൾ മാത്രമല്ല ഒരു രംഗവേദിയുടെ 'പെഴ്സ്പെക്ടീവ്' ടെക്നിക്ക് പോലും ഇടശ്ശേരി തന്റെ കവിതയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. അകലെ കാണുന്ന വസ്തുവിനെ മെല്ലെ മെല്ലെ അടുത്തും കൂടുതൽ വൈശദ്യത്തോടെയും കാണുന്ന ഒരു സങ്കേതത്തിന്റെ സമർത്ഥമായ ഉപയോഗത്തിലൂടെ സ്ഫോടനാത്മകമായ ഒരു നിമിഷത്തിലേക്കുള്ള ക്രമാനുഗത പരിണാമം ഇടശ്ശേരി സമർത്ഥമായി സാധിച്ചെടുക്കുന്നുണ്ട് 'ഈ കാട്ടിൽ ഭടന്മാർ ബാലന്മാരും ന്യായപതിമാർ അബലകളുമാണല്ലോ' എന്ന ഹനുമാന്റെ അദ്ഭുതം ഏതാനും നാളത്തെ കോസലവാസത്താൽ സ്വയം മറന്ന പഴയ ആരണ്യസംസ്കാരത്തിന്റെ അഭാവം മൂലമായിരിക്കണം. 'നിജമാർഗനിദർശനാന്ധന്മാരും. സുജനാചാരമവിശ്വസിക്കുവോരുമാ.' കോസലജനതയുടെ സംസ്ക്കാരത്തോടുള്ള ഒരു അനഭിമതത്വം ഈ ആരണ്യകസംസ്കാരത്തെ അംഗീകരിക്കുക വഴി അവസാനം വന്നുചേരുന്നുമുണ്ടല്ലോ. 'കൂറ്റനായ നെൽക്കറ്റയുടെ കൂട്ടുകാരൻ' 'പൂത്തമുരിക്ക്' തുടങ്ങി ഇടശ്ശേരിയ്ക്കുമാത്രം സാദ്ധ്യമായ ചില ഇമേജുകളുടെ ചാരുത കൂടി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. കാവ്യബിംബങ്ങൾ അവ ആവിഷ്കരിക്കുന്ന ആശയങ്ങളിൽ നിന്ന് അഭിന്നങ്ങളായി മാറുന്നതിന് എത്രയോ ഉദാഹരണങ്ങൾ ഈ കവിതയിൽ ഇനിയും കാണാം. 'മനസ്സിൽ മായാതെ നിന്ന താളത്തിൽ നിന്ന്'ാണ് ഈ കവിത ജനിച്ചതെന്ന് ഇടശ്ശേരി എഴുതുന്നതും ശ്രദ്ധേയമാണ്. ഫ്രഞ്ച്കവിയായ പോൾവലെറിയുടെ വാക്കുകൾ (Language and style) എന്ന തന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ സ്റ്റീഫൻ ഉൾമാൻ ഉദ്ധരിക്കുന്നത് എൻ.വി. കൃഷ്ണവാരിയർ ഇങ്ങനെ തർജമ ചെയ്തു 'വള്ളത്തോളിന്റെ കാവ്യശില്പം' എന്ന തന്റെ കൃതിയിൽ എടുത്തു ചേർത്തിട്ടുണ്ട്.'എന്റെ മനസ്സിന്നു മുമ്പിൽ പെട്ടെന്നൊരു ദിവസം ഒരു താളം പ്രത്യക്ഷപ്പെട്ടു. കുറെക്കാലത്തേക്ക് അതിനെപ്പറ്റി ഒരു അർദ്ധബോധമേ എനിക്കുണ്ടായിരുന്നുള്ളു. എന്നാൽ പിന്നീട് അത് ഒരൊഴിയാബാധയായി എന്നെ പിടികൂടി. രൂപം ധരിക്കാനും സത്തയുടെ പൂർണതയിലേക്കു എത്തുവാനും അതു പരുശ്രമിക്കുകയാണെന്നു തോന്നി.' അബോധമായി മനസ്സിൽ പിറന്നുവീണ താളം എങ്ങനെ മനോഹരമായ ഒരു സ്വഗതാഖ്യാനമായി മാറുന്നു എന്നതാണിവിടെ ശ്രദ്ധേയം. കാവ്യബിംബങ്ങളെക്കുറിച്ച് സിഡേലെവിസ് ഇങ്ങനെ എഴുതുന്നു. 'വ്യത്യസ്ത വീക്ഷണകോണുകളിൽ

നിരയായി പ്രതിഷ്ഠിച്ച കണ്ണാടികൾ പോലെയാണ് കാവ്യബിംബങ്ങൾ. പ്രമേയം മുന്നോട്ടു നീളവെ അതിന്റെ പല വശങ്ങളെ അത് പ്രതിഫലിപ്പിക്കുന്നു.' (The Poetic Image C-Day Lewis (1961) ജമഴല80) കാവ്യബിംബങ്ങളുടെ ഈ സവിശേഷ സന്നിവേശത്തിന് ഒരുദാഹരണം നോക്കുക:

'തൂകട്ടെ ബാണമെൻനെഞ്ചിലിവർ
തൂണെന്നപോലെ നിൽക്കും ഞാൻ
കൊച്ചലത്തല്ലുകൊള്ളുകതന്നെ–
–യുപ്പുപാറയ്ക്കൊരാനന്ദം'
എന്ന പ്രസ്താവന കവിത മുന്നോട്ടു പോകെ,
'അതു ചിന്തിയ്ക്കുമ്പോളധികമാശ്ചര്യം
മുതുപാറയ്ക്കുള്ളിൽ പുതുവെള്ളം'

എന്നായി മാറുന്നു. ഒരേ കാവ്യബിംബത്തെ മാറുന്ന മനസ്സിന്റെ ചിത്രീകരണത്തിന് സമർഥമായി പ്രയോജനപ്പെടുത്തിയിരിക്കുകയാണ് ഇവിടെ.

'നീയാരെത്തല്ലി ചോദിപ്പതെന്നോ–
ടിയാൻപാറ്റയെപ്പോലുള്ളോർ'
'ബന്ധിച്ചു ഞങ്ങളശ്വത്തെയെന്നോ
ഭ്രാന്തന്മാരിവർ നിർണയം'
'ആകർണാന്തം വലിച്ചു ഞാണിന്റെ
–യാരവമിതാകേൾക്കുന്നു.'

എന്നിങ്ങനെ നാടകീയ സ്വഗതാഖ്യാനത്തിനു ചേർന്ന രീതിയിൽ പ്രതികരണങ്ങൾ ധ്വനിപ്പിയ്ക്കപ്പെടുന്നതും ശ്രദ്ധിക്കുക. ഇങ്ങനെ ഈ കവിതയുടെ രൂപഘടനയെക്കുറിച്ച് ഇനിയും നിരവധി കാര്യങ്ങൾ സൂചിപ്പിക്കാവുന്നതാണ്. തന്റെ ഒരു ആദ്യകാലകവിതയിൽത്തന്നെ എത്ര പക്വമായ രൂപശില്പാവബോധം ഇടശ്ശേരി പ്രകടിപ്പിക്കുന്നു എന്നതാണ് ഈ കവിതയുടെ രൂപശില്പഘടനയുടെ പ്രത്യേക പ്രാധാന്യം.

## 5

ഇടശ്ശേരിക്കവിതയെ പലപ്പോഴും മുദ്രാവാക്യപ്രായമായ ഈരടികളിൽ ഒതുക്കി അദ്ദേഹത്തെക്കുറിച്ച് അഭിമാനം കൊള്ളുകയാണ് പലരും ചെയ്യാറ്. പക്ഷേ ഇടശ്ശേരി ഒരു സങ്കീർണ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ കവിതകളുടെ വിശദമായ പ്രമേയാപഗ്രഥനവും രൂപശില്പഘടനാപഗ്രഥനവും നിർവഹിക്കുക വഴി 0മാത്രമേ സർഗവ്യക്തിത്വത്തിന്റെ വർഗഘടനയെന്തെന്ന് കണ്ടെത്താനാവൂ. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇടശ്ശേരി അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന്റെ കവിയാണ്. പക്ഷേ ഇത് സ്ഥാപിക്കാൻ അദ്ദേഹത്തെ കൂടുതൽ ആഴത്തിലും സൂക്ഷ്മമായും പഠിക്കേണ്ടിവരും.

ദേശാഭിമാനിവാരിക 1989 ഒക്ടോബർ 8–14